ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 20.10.2024**

## പ്രധാനവാർത്തകൾ

1. ആരോഗ്യമേഖലയുടെ അടിസ്ഥാന വികസനത്തിന് അടുത്ത അഞ്ച് വർഷത്തിൽ 75,000 മെഡിക്കൽ സീറ്റുകൾ കൂടി ഉൾപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. രാജ്യത്തെ കായിക താരങ്ങളുടെ മികവ് പ്രോത്സാഹിപ്പിക്കാനുള്ള ആവാസവ്യവസ്ഥ കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. കാര്യവട്ടം എൽ.എൻ.സി.പി.ഇ യിലെ ഹോസ്റ്റൽ മന്ത്രി ഉദ്ഘാടനം ചെയ്തു.

3. കേരളം രാജ്യത്ത് പല മേഖലയിലും ഒന്നാമതാകാൻ കാരണം വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച പുരോഗതിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. പെട്രോൾ പമ്പുകൾക്ക് കഴിഞ്ഞ 25 വർഷത്തിനുള്ളിൽ നൽകിയ എല്ലാ എൻ.ഒ.സികളും പരിശോധിക്കേണ്ടതുണ്ടെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

5. വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് മത്സരചിത്രം തെളിഞ്ഞു. പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.

RNU TVPM

6. വനിതാ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ന് ന്യൂസിലൻഡ്, ദക്ഷിണാഫ്രിക്കയെ നേരിടും. ഐ എസ് എൽ-ൽ കേരള ബ്ലാസ്റ്റേഴ്സ് -മൊഹമ്മദൻ എസ് സി മത്സരം രാത്രി ഏഴരയ്ക്ക്.

**&&&&&&&&&&&&&&&&&&**

ഹെഡ് ലൈൻ 1

പ്രധാനമന്ത്രി വാരാണസി

കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യത്തെ ആരോഗ്യമേഖലയിൽ സുപ്രധാന പരിവർത്തനത്തിന് ആണ് രാജ്യം സാക്ഷ്യം വഹിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വാരണാസിയിൽ ആർ ജെ ശങ്കര കണ്ണാശുപത്രി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ആരോഗ്യമേഖലയുടെ അടിസ്ഥാന വികസനത്തിന് അടുത്ത അഞ്ച് വർഷത്തിൽ 75,000 മെഡിക്കൽ സീറ്റുകൾ കൂടി ഉൾപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. ലാൽ ബഹദൂർ ശാസ്ത്രി അന്താരാഷ്ട്ര വിമാനത്താവളത്തിൻ്റെ വിപുലീകരണം ഉൾപ്പെടെ 2,870 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

RNU TVPM

**&&&&&&&&&&&&&&&&&&**

ഹെഡ് ലൈൻ 2

മാണ്ഡവ്യ- എൽഎൻസിപിഇ

രാജ്യത്തെ കായിക താരങ്ങളുടെ മികവ് പ്രോത്സാഹിപ്പിക്കാനുള്ള ആവാസവ്യവസ്ഥ കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. തിരുവനന്തപുരം കാര്യവട്ടം സായി എൽ.എൻ.സി.പി.ഇ യിൽ

പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഹോസ്റ്റൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ഇത് മികച്ച രീതിയിൽ വിനിയോഗിച്ച് രാജ്യത്തിനായി മെഡൽ കരസ്ഥമാക്കണമെന്ന് കായികതാരങ്ങളോട് അദ്ദേഹം ആഹ്വാനം ചെയ്തു. 2036 ൽ ഒളിമ്പിക്സ് ആതിഥേയത്വം വഹിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തിട്ടുണ്ട്. ഒളിമ്പിക്സ് ആതിഥേയത്വം വഹിക്കുമ്പോൾ ഇന്ത്യ മെഡൽ പട്ടികയിൽ ആദ്യ പത്തിൽ ഇടം നേടണം. വികസിത ഭാരതമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് യുവജനങ്ങൾക്ക് വലിയ സംഭാവന നൽകാനാകുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്- കേന്ദ്രമന്ത്രി)

300 കിടക്കകളാണ് പുതിയ ഹോസ്റ്റലിലുള്ളത്. 32.88 കോടി ചെലവിട്ടാണ് മൂന്ന് നിലകളുള്ള ഹോസ്റ്റൽ നിർമിച്ചത്. രാവിലെ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം കവടിയാറിലെ നവീകരിച്ച ഗോൾഫ് കോഴ്സിൻ്റെ ഉദ്ഘാടനവും ശ്രീ.മാണ്ഡവ്യ നിർവഹിച്ചിരുന്നു.

PNU TVPM

**&&&&&&&&&&&&&&&&&**

ഹെഡ് ലൈൻ 3

**മുഖ്യമന്ത്രി - കണ്ണൂർ**

കേരളം രാജ്യത്ത് പല മേഖലയിലും ഒന്നാമതാകാൻ പ്രധാന കാരണം വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച പുരോഗതിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ പിണറായി എ കെ ജി മെമ്മോറിയൽ ഗവ.ഹയർ സെക്കൻ്ററി സ്കൂളിൽ നിർമ്മിച്ച പുതിയ ബ്ലോക്കിൻ്റെയും സ്മാർട്ട് ക്ലാസ് റൂമിൻ്റെയും ഇൻഡോർ

സ്റ്റേഡിയത്തിൻ്റയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. കുട്ടികൾക്ക് വ്യത്യസ്ത മേഖലയിൽ കഴിവു തെളിയിക്കുന്നതിനുള്ള സൗകര്യം കേരളത്തിലെ വിദ്യാലയങ്ങളിൽ ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&&&&&&

## മൻസുഖ് -ഇപിഎഫ്ഒ

തിരുവനന്തപുരത്തെ എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട് ഓർഗനൈസേഷൻ്റെ പട്ടത്തെ സോണൽ ഓഫീസ് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ സന്ദർശിച്ചു. ഇപിഎഫ്ഒ, ഇഎസ്ഐസി, സിഎൽസി ഓഫീസുകളുടെ പ്രവർത്തനം അദ്ദേഹം അവലോകനം ചെയ്തു. സാമൂഹ്യ സുരക്ഷാ കവറേജ് വർദ്ധിപ്പിക്കേണ്ടതിൻ്റെയും ഇ പി എഫ് ഒ വരിക്കാർക്ക് മികച്ച സേവനങ്ങൾ നൽകേണ്ടതിൻ്റെയും ആവശ്യകത, ശ്രീ. മാണ്ഡവ്യ ഊന്നിപ്പറഞ്ഞു. ഇഎസ്ഐ ഡിസ്പെൻസറികൾ സന്ദർശിക്കാതെ തന്നെ ഓൺലൈൻ ക്ലെയിം ഫയലിംഗ് സംവിധാനം വഴി സിക്ക് ലീവ് പോലുള്ള ആനുകൂല്യങ്ങൾ ലഭിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## ജെ ചിഞ്ചുറാണി

പശുക്കുട്ടികൾക്ക് പകുതി നിരക്കിൽ കാലിത്തീറ്റ നൽകാനുള്ള വിപുലമായ പദ്ധതിക്ക് സർക്കാർ രൂപം നൽകിയതായി മന്ത്രി ജെ. ചിഞ്ചുറാണി. ഗോവർദ്ധിനി എന്ന പേരിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ അടുത്തയാഴ്ച മുതൽ സംസ്ഥാനത്തെ 32,589 പശുക്കുട്ടികൾക്ക് പകുതി വിലയ്ക്ക് തീറ്റ നൽകും. കന്നുകാലി ഇൻഷുറൻസ് പുനസ്ഥാപിക്കുമെന്നും

ശ്രീമതി. ചിഞ്ചുറാണി വ്യക്തമാക്കി. കൊല്ലം നീണ്ടകരയിലെ പരിമണത്ത് ക്ഷീരകർഷകർക്കുള്ള ധനസഹായ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

**&&&&&&&&&&&&&&&&&&**

ഹെഡ് ലൈൻ 4

**എ.ഡി.എം- സുരേഷ്ഗോപി**

പെട്രോൾ പമ്പുകൾക്ക് കഴിഞ്ഞ 25 വർഷത്തിനുള്ളിൽ നൽകിയ എല്ലാ എൻ.ഒ.സികളും പരിശോധിക്കേണ്ടതുണ്ടെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. അന്തരിച്ച കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ പത്തനംതിട്ടയിലെ വീട് സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. പെട്രോൾ പമ്പിന് എൻ.ഒ.സി നൽകിയതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുമെന്നും പെട്രോളിയം മന്ത്രാലയത്തിൻ്റെ നയം മറികടന്ന് കാര്യങ്ങൾ നീങ്ങിയിട്ടുണ്ടെങ്കിൽ നടപടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

**&&&&&&&&&&&&&&&&&&**

**എ ഡി എം- ബി ജെ പി, സി പി എം**

കണ്ണൂർ എ ഡി എം കെ.നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് പാർട്ടിയിൽ രണ്ട് അഭിപ്രായം ഉണ്ടെന്ന വാദം തെറ്റാണെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. നവീൻറെ കുടുംബത്തോടൊപ്പമാണ് പാർട്ടിയെന്നും കുടുംബത്തിന് നിയമപരമായ പരിരക്ഷ കിട്ടണമെന്നും ശ്രീ. ഗോവിന്ദൻ വ്യക്തമാക്കി. നവീൻ ബാബുവിന്റെ കുടുംബത്തെ വീട്ടിലെത്തി കണ്ട ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അതേസമയം സിപിഐഎം നവീൻറെ കുടുംബത്തിനോടൊപ്പമാണെന്ന് പറയുന്നുണ്ടെങ്കിലും വിഷയത്തിൽ ആരോപണ വിധേയയായ പി പി ദിവ്യക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണമെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 5

**ഉപതെരഞ്ഞെടുപ്പ്**

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. മത്സരചിത്രം തെളിഞ്ഞതിന് പിന്നാലെ വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. റാലികൾ, പൊതുയോഗങ്ങൾ എന്നിവ സംഘടിപ്പിച്ചും, താരപ്രചാരകരെ അണിനിരത്തിയും മത്സരം കടുപ്പിക്കാൻ ഒരുങ്ങുകയാണ് മൂന്ന് മുന്നണികളും. വെള്ളിയാഴ്ച്ചയാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. അടുത്ത മാസം പതിമൂന്നിന് വോട്ടെടുപ്പും ഇരുപത്തി മൂന്നിന് വോട്ടെണ്ണലും നടക്കും.

RNU TVPM

&&&&&&&&&&&&&&&&&&

**കണ്ണൂർ -ഇൻട്രോ**

കണ്ണൂർ റവന്യൂ ജില്ല സ്കൂൾ കായികമേള നാളെ തലശ്ശേരിയിൽ ആരംഭിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയിസ്)

&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 6

വനിതാ ടി -20

വനിതാ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ന് ന്യൂസിലൻഡ് ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി 07.30 നാണ് മത്സരം.

&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 6 എ

ഐ.എസ്.എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് മൊഹമ്മദൻ എസ് സി യെ നേരിടും. രാത്രി ഏഴ് മുപ്പതിന് കൊൽക്കത്തയിലാണ് മത്സരം.

RNJ TVPM

&&&&&&&&&&&&&&&&&

ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യക്കെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ന്യൂസിലൻഡിന് 8 വിക്കറ്റ് വിജയം. ബംഗളൂരുവിൽ നടന്ന ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൻറെ അഞ്ചാം ദിനം 107 റൺ ലക്ഷ്യം പിന്തുടർന്ന ന്യൂസിലൻഡ് 2 വിക്കറ്റ് നഷ്ടത്തിൽ വിജയം നേടുകയായിരുന്നു.

&&&&&&&&&&&&&&&&&

മണ്ണാറശ്ശാല- ഇൻട്രോ

പ്രസിദ്ധമായ മണ്ണാറശാല നാഗരാജ ക്ഷേത്രത്തിലെ ഈ വർഷത്തെ ആയില്യം മഹോത്സവത്തിൻറെ ഒരുക്കങ്ങൾ ആരംഭിച്ചു. ശനിയാഴ്ചയാണ് ആയില്യം ഉത്സവം.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....**

(വോയിസ്)

**&&&&&&&&&&&&&&&&&**

**ശബരിമല**

ശബരിമലയിൽ ഭക്തജനത്തിരക്ക് ഇന്നും തുടരുന്നു. മണിക്കൂറുകൾ കാത്തുനിന്നാണ് ഭക്തർ ദർശനം നടത്തുന്നത്. തുലാമാസ പൂജ പൂർത്തിയാക്കി നാളെ രാത്രി പത്തിന് അടയ്ക്കുന്ന നട, ചിത്തിര ആട്ട വിശേഷത്തിനായി ഈ മാസം 30 നു തുറക്കും.

PNU TVPM

**&&&&&&&&&&&&&&&&&**

**ഇ -ശ്രം - വൺ സ്റ്റോപ്പ് സൊല്യൂഷൻ**

അസംഘടിത തൊഴിലാളികളെ കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളിലേക്ക് ഉൾപ്പെടുത്തുന്നതിനായിയുള്ള ഏകജാലക സംവിധാനമായ 'ഇ -ശ്രം - വൺ സ്റ്റോപ്പ് സൊല്യൂഷൻ' നാളെ കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. അസംഘടിത തൊഴിലാളികൾക്കായി ഉള്ള എല്ലാ സാമൂഹിക സുരക്ഷാ, ക്ഷേമ പദ്ധതികളുടെയും വിവരങ്ങൾ ഈ സംവിധാനത്തിൽ ലഭ്യമാവും.

**&&&&&&&&&&&&&&&&&**
**&&&&&&&**
**&&&**